ഉത്തരം

(എ&ബി) പുതിയ പാലം നിർമ്മിക്കുന്നതിന് വേണ്ടി 230 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു. പുതുക്കിയ ഷെഡ്യൂളിൽ 2015-16 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**റെയിൽവേ മേൽപ്പാലം പണിയുന്നതിന് നടപടി**

252 (4884) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-പൊള്ളാച്ചി ഗേജ് മാറ്റം പണി പൂർത്തീകരണ ഘട്ടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പണികൾ പൂർത്തീകരിക്കുന്നതോടെ കൊല്ലങ്കോട്-പാലക്കാട് റൂട്ടിലെ റോഡു ഗതാഗതത്തിന് വലിയതോതിൽ തടസ്സം ഉണ്ടാവുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഗതാഗത തടസ്സം നീക്കുന്നതിനായി ഊട്ടറയിൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഊട്ടറയിൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല

(സി&ഡി) ഊട്ടറയിൽ ഗുരുതരമായ ഗതാഗത് തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

**ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

253 (4885) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly